ബന്ധനസ്ഥനായ

# അനിരുദ്ധൻ

—വള്ളത്തോൾ നാരായണമേനോൻ

Digitized By Kerala Sahitya Akademi

ബന്ധനസ്ഥനായ

# അനിരുദ്ധൻ

ഗ്രന്ഥകർത്താ

വള്ളത്തോൾ നാരായണമേനോൻ.

പ്രസാധകൻ

പി. വി. ഇട്ടൂപ്പ്.

എറണാകുളം:

[illegible] പ്രെസ്സ്.

1914.

വില ൪ ണ.

(പകർപ്പവകാശം പ്രസാധകന്)

Digitized By Kerala Sahitya Akademi



വള്ളത്തോൾ നാരായണമേനോനവർകൾ.

MANGALODAYAM CO., LTD.,
TRICHUR.

Digitized By Kerala Sahitya Akademi

ബന്ധനസ്ഥനായ

# അനിരുദ്ധൻ

(1)

മായാരണത്തിൽ വളരെബ്ഭടർ ചേർന്നു, തീവ്ര-
വ്യായാമനാകുമനിരുദ്ധനെ വെന്ന ശേഷം,
ധീയാന്ന ബാണസചിവേന്ദ്രനുഷാഗൃഹത്തിൽ-
പ്പോയാൻ, തദീയസഖി ചെന്നറിയിച്ചമൂലം.

(2)

തപിട്ടോലുമക്ഷികൾ, നരച്ചു വളർന്നു മാറിൽ-
ത്തൊട്ടോരു താടി, ചുളി വീണു പരന്ന നെറ്റി,
മുട്ടോളമെത്തിയ ഭുജാമുസലങ്ങളെന്നീ
മട്ടോടവൻ വിലസി മേദുരദീർഘകായൻ.

(3)

പ്രാലേയശൈലരുചിയാം നിജമാളികയ്ക്കു
മേ,ലേറെ മോടി തടവുന്ന വരാന്തയിങ്കൽ,
മാലേന്തി വാട്ടമുഷ മന്ദിതചേഷ്ടയായി-
ട്ടാ,ലേഖ്യരൂപിണി കണക്കഥ കാണുമാറായ്.

(4)

ആലസ്യമാണ്ടു മുഖമൊട്ടു കുനിച്ചു, വേർത്ത
ഫാലസ്ഥലം മൃദുകരത്തളിർകൊണ്ടു താങ്ങി,
ചേലഞ്ചി മിന്നുമൊരു വെൺകുളിർകൽത്തറയ്ക്കു
മേലങ്ങു, ചാരുമുഖി ചാരിയിരുന്നിടുന്നു,

Digitized By Kerala Sahitya Akademi

(5)

മല്ലായുധത്തഴ കണക്കെ തഴച്ച കൂന്ത-
ലെല്ലാമഴിഞ്ഞതഴകില്ലാ മണിവേദിതന്മേൽ,
മല്ലാക്ഷിതൻപിറകിലായ്ച്ചിതറിക്കിടപ്പു:
നല്ലാംശുമന്നഭസി കാർമുകിൽമാല പോലെ.

(6)

വീതാസ്ഥയായ് സുദതി തങ്ങളിലെങ്കിലും, തൽ-
പൂതാസ്പദപ്രണയബന്ധവശാൽ കണ്ണക്കേ,
ശ്രീതാവുമാത്തനുവിലാകുലമട്ടിൽ നിൽപ്പു-
ണ്ടേതാനുമുത്തമവിഭൂഷകളുഞ്ഞുമിങ്ങും.

(7)

പീനസ്തനിസ്സ്രുടയ ചാരുകുചോത്തരീയം
ദൂനതപശംസിനെടുവീപ്പുകളാലുലഞ്ഞും,
സ്ഥാനത്തുനിന്നു കുറെ നീങ്ങിയ, മശ്രു വീണ-
ന്യൂനം നനഞ്ഞു, മൊളി കെട്ടമിരുന്നു മററും.

(8)

മാലാണ്ട നായികയെ നോക്കിയു, മങ്ങിടസ്ക്ക
ലോലാശ്രുപൂൎണ്ണനിജദൃഷ്ടികളെത്തുടച്ചും,
ചേലാൎന്ന പൊൻപിടിയണിക്കളിർതാലവൃന്ത-
ത്താലാളിമാരവളെ വീശുവതുണ്ടു മന്ദം.

---

6. വീതാസ്ഥ=ആദരവില്ലാതായവൾ. തൽപൂ—വശാൽ=അവളാകുന്ന പരിശുദ്ധമായ വാസസ്ഥാനത്തെക്കുറിച്ചുള്ള സ്നേഹബന്ധം നിമിത്തം. തങ്ങളുടെ സ്നേഹത്തിന്നു പാത്രീഭവിച്ചവർ, സംഗതിവശാൽ തങ്ങളിൽ നിരാദരരായിത്തീൎന്നാലും, സത്തുക്കൾ അവരെ വെടിയുന്നതല്ലല്ലോ.

Digitized By Kerala Sahitya Akademi

(9)

കുംഭാണ്ഡനാം പ്രഭുകുമാരികതൻ വിഷാദ-
സംഭാരവിപ്ലവ,മകൃത്രിമവത്സലത്വാൽ
വൻഭാവഭേദമൊടു കണ്ടു, കുറച്ചു നേരം
സ്തംഭാഭനായവിടെ നിന്ന നിലക്കു നിന്നാൻ!

(10)

താതൻെറയാഗമനമാസ്സഖി ചിത്രലേഖ
ജാതത്വരം നികടമാൎന്നറിയിച്ച നേരം,
ഹാ! തന്വി, തൽക്ഷണമുണൎന്നതു പോലെണീറ്റാ-
പ്പൂതസ്വഭാവനെ യഥോചിതമാദരിച്ചു.

(11)

പീനാനുരാഗവശയായ്, ച്ചിലതൊക്കെയോതീ-
ടാനാണു മന്ത്രിയെ വരുത്തിയതപ്പൊ;-ഴെന്നാൽ,
നാനാവികാരപരിവാരിതയാം കുമാരി
മൗനാതിലംഘനവിധിക്കസമൎത്ഥയായീ.

(12)

ചിന്താശതക്ഷുഭിതയാം ബലിസൂനുഭാഗ്യ-
സന്താനവല്ലി സചിവോത്തമനോടിദാനീം
എന്താണെടുത്തു പറവാൻ തുടരുന്നതെ,ന്നു
ഹന്താളിമാരലമുഴറെറാടു നോക്കി നില്പായ്.

(13)

ധീ മങ്ങുമാറുടനുടൻ, വിവിധം വികാര-
സ്തോമം കടന്നവളെയിട്ടു ഞെരുക്കിടുമ്പോഴും,
പ്രേമപ്രസിക്തമതിയായ്,പ്പിതൃതുല്യനാകു-
മാ മന്ത്രിവൃദ്ധനൊടു ബാലികയെന്തു ചൊല്ലും?

---

12. ബലിസൂനു=ബാണൻ.

Digitized By Kerala Sahitya Akademi

(14)

നേരിട്ടമഷ്,മഴലെന്നിവ, നെഞ്ചിടിപ്പാം
ഭേരിപ്രണാദമിടചേർത്തടരാടി മേന്മേൽ,
ഭൂരിത്രപാദികളെയൊട്ട ജയിസ്സയാലാ -
ച്ചാരിത്രശാലിനി ചിരാലൊരു വീപ്പു വിട്ട.

(15)

പാറുന്നതുണ്ടു പുരുത്തീപ്പൊരി, യെന്നു തൊന്നും-
മാറുള്ള തീക്ഷ്ണതരവീക്ഷകളാൽ പ്രകാമം
നീറുന്നവസ്ഥ സചിവേന്ദ്രനു ചേർത്തു, മന്യൂ-
വേറും മനസ്സിനി ഗൂഢസ്വരമോതി പിന്നെ:-

(16)

"ഹാ! ജന്യസീമ്നി പല യോധഗണത്തെയൊററ-
ക്കോജസ്സുകൊണ്ടു വിമഥിച്ച യുവാവുതന്നെ
വ്യാജപ്പയററിൽ വിജയിച്ചരുളുന്ന ദൈത്യ-
രാജന്നെഴും സചിവപുംഗവ, മംഗളം തേ!

(17)

"തെററാചരിച്ചവരിലെന്നിയെ, വാഞ്ഛപോലേ,
മററാരിലെങ്കിലുമണയ്ക്കുക ദണ്ഡമെന്നോ,
ഉററാളുകൾക്കിതുവരെസ്സമകാര്യചര്യ
പററാതെ നിത്തിയ ഭവാൻെറ നയം വിധിപ്പും?

(18)

"ഞാനാളയച്ചിഹ വരുത്തിയതാണു; തന്നെ-
ത്താനാര്യപുത്രനെഴനല്ലുകയല്ല ചെയ്തു;
നാനാതരത്തിലപരാധമൊരാൾക്കു, ബന്ധ-
സ്ഥാനാപ്തിയന്യനു-മിതോ ബലിവംശധമ്മം?

Digitized By Kerala Sahitya Akademi

(19)

“അച്ചാരുശീലനുമഘോപചിതനെന്നു തന്നെ
വെച്ചാലു,മെൻ പെരിയ തെററൊഴിയുന്നതാണോ?
ഹൃച്ചാപലാലപനയാധുനി മുമ്പു കാലു
വെച്ചാളെ വിട്ടു,നഗനെങ്ങിനെ ശിക്ഷ നല്കും?

(20)

“കാരാധിവാസമവിടെക്കു വിധിച്ചതോൎത്താൽ,
ഘോരാപരാധമുടയോരിവൾ വദ്ധ്യതന്നേ;
വീരാവരോധപദസംശ്രയധന്യയാം ഞാൻ
രീരാക്കൃതാൎത്ഥതയൊടൊത്തു മരിച്ചുകൊള്ളാം!!

(21)

അല്ലംക്കിലെ,ന്തിനിനിയും മമ ദണ്ഡ?-മെന്നെ-
ക്കൊല്ലാതെ കൊന്നിടുക ചെയ്തുകഴിഞ്ഞുവല്ലോ!”
വല്ലാത്ത തൊണ്ടവിറയാൽ, വരവാണി ശേഷം
ചൊല്ലാൻ കുഴങ്ങി,യൊരു കുട്ടി കണക്കു കേണാൾ.

(22)

കാരാലയം ഖലജനോചിതമെങ്ങു? സൌഖ്യ-
സാരാർഹനാം സുചരിതൻ നിജനാഥനെങ്ങോ?
ഓരാതെ പററിയ കഠോരവിപത്തിതിൽ,ക്കൺ-
നീരാക്കുമാരിക തടുത്തിടുമെത്രനേരം?

(23)

പാരം മനസ്സലിവൊടെ,ങ്ങിനെ വേണ്ടു സാന്ത്വ-
പ്രാരംഭ,മെന്നു പിതൃമന്ത്രി പരുങ്ങിടുമ്പോൾ,
നിരന്ധ്രമശ്രു കുറെ വാൎന്നതിൽവെച്ചു, തെല്ലു
ഭാരം കുറഞ്ഞ നില പൂണ്ടു,വൾ ചൊല്ലി വീണ്ടും:-

---

16. അഘോപചിതൻ=പാതകി (അപരാധി)

Digitized By Kerala Sahitya Akademi

(24)

“താതന്നു ഞാനിഹ വധൂജനവൎജ്ജ്യമാകം
സ്വാതന്ത്ര്യമാൎന്നതിലുമെന്തഭിമാനഭംഗം?
ഹാ! തന്മകൾക്കനഘവീരവധൂപദാപ്തി-
യേതച്ഛനെങ്കിലുമസമ്മതമാവതുണ്ടോ?

(25)

“വീരാഗ്ര്യനും, ഭുവി കുലീനനുമാണു താനെ-
ന്നാ രാജമാന്യചരിതൻ വെളിവാക്കിയല്ലോ!
നാരായണാത്മജസുതന്നൊരു ദാസിയായി-
ത്തീരാനു,മേതു നൃപകന്യ കൊതിക്കയില്ല?”

(26)

ചൂടാണ്ടു വീൎപ്പിട്ടമമാത്യനുരച്ചു:- “വത്സേ,
തേടാൎക്ക മന്യു; ശുഭമാൎക്കുമൊക്കെ മേലിൽ!
ഈടാൎന്ന വാൎക്കുമനുരാഗനദിക്കു വിഘ്നം
കൂടാതൊഴുക്കനുവദിക്കുകയില്ല ദൈവം!

(27)

“ഏകാന്തരൂഢമിഹ നിന്നനഘാനുരാഗം
സ്വീകാൎയ്യകോടിയിലിരിപ്പതു തന്നെ; പക്ഷേ,
ഹേ കാൎയ്യവേദിനി! യശോധനനാം നൃപന്നു
ലോകാപവാദമഖിലോപരി ഗണ്യമല്ലീ?

(28)

“നില്ലാഞ്ഞ കോപഭരമൊന്നൊഴിയട്ടെയച്ഛ-
ന്നെ;-ല്ലാം യഥേഷ്ടമുരയിച്ചു ശരിപ്പെടുത്താം;
തെല്ലാശ്വസിക്കു.” — “തവ സൽസഖി, ചിത്രലേഖേ,
വല്ലായ്മ തേടിടരുതെ”ന്നെ,ഴുന്നേറ്റു വൃദ്ധൻ

Digitized By Kerala Sahitya Akademi

(29)

പേർത്തും, വിടന്ന പനിനീർമലരിങ്കൽ മഞ്ഞു-
നീർത്തുള്ളി പോല,രുണമായ കവിൾത്തടത്തിൽ,
വീത്തുള്ള ദീർഘനയനങ്ങളിൽനിന്നു ബാഷ്പം
വാർത്തു,ൽപ്പലാക്ഷി വരമന്ത്രിയൊടൊന്നു ചൊന്നാൾ:

(30)

“ശോകാബ്ധിയാണ്ടൊരുഷതൻ ഹതജീവിതത്തി-
ലാകാംക്ഷയുണ്ടു മമ ബന്ധുജനത്തിനെങ്കിൽ,
ഏകാകിയായ് പ്രിയനിരിക്കുമിടത്തിലൊന്നു
പോകാൻ, ഭവാനനുവദിക്കണമിപ്പൊഴെന്നെ!”

(31)

ഓരാതപേക്ഷയിതു കേട്ടളവു,ൾത്തടത്തി-
ലാ രാജകീയപുരുഷനൊരു മിന്നൽ പാഞ്ഞു:
ചേരാത്തൊഴ ല്ക്കു നൃപദണ്ഡിതനാം യുവാവോട്-
ച്ചേരാൻ, സ്വയം വിടുകയോ നൃപപുത്രിയാളെ!!

(32)

ആ മന്ത്രിതങ്കൽ, നൃപഭക്തിഭരം, കുമാരീ-
പ്രേമപ്രകർഷമിവ തമ്മിലൊരേതരത്തിൽ
വ്യാമർദ്ദമൊട്ടിട നടന്നു; ദശാവിശേഷാൽ
സാമർത്ഥ്യമാർന്നൊടുവിലത്തതു താൻ ജയിച്ചു!

(33)

തൻപ്രജ്ഞതൻ സ്ഥിരതയാലൊരു ഭാവഭേദം
സംപ്രസ്ഫുരൽവദനതാരിലിയന്നിടാതേ,
സംപ്രത്യുഷാപതി, തുറുങ്കിൽ വെറുംനിലത്തു
‘ചമ്പ്രംപടിഞ്ഞു,’ജ്ജ്വലവപുസ്സൊടിരുന്നിടുന്നു.

Digitized By Kerala Sahitya Akademi

(34)

വീരക്കടല്ലു ഹരിചന്ദനമാം രണാസൃക്—
പൂരം പുരണ്ട വിരിമാറിന്നു തെല്ലു താഴേ,
ആരമ്യബാഹുപരിഘങ്ങൾ പിണച്ചു കെട്ടി,
സ്വൈരം വസിച്ചിടുകയാണിഹ കൃഷ്ണപൌത്രൻ.

(35)

സ്വച്ഛപ്രസാദമലർമങ്ക രമിച്ചെഴും മു-
ത്തച്ഛന്റെ പുണ്യപുരിയിൽ, സ്വമണീഗൃഹത്തിൽ,
സ്വച്ഛന്ദസൌഖ്യമൊടു മുൻപു വസിച്ച പോലി,-
ങ്ങച്ഛന്നസത്വനിധി കല്ലറ പുക്കിരിപ്പൂ!!

(36)

വാരുററ ചില്ലി, വിരിവേറിയ നെററി, ധീര-
ചാരുക്കളാം രുചിരദൃഷ്ടികളെന്നിതെല്ലാം,
താരുണ്യലക്ഷ്മിയെ, നനുത്തു കറുത്ത മീശ
ചേരും തദാസ്യനളിനത്തിൽ വളർത്തിരുന്നു.

(37)

ശ്രീമദ്വൃഷത്തിനെതിർതോൾ വരെ നീണ്ടിറങ്ങി,-
ക്കാർമണ്ഡലദ്യുതി തിരണ്ടു ചുരുണ്ട കേശം,
പോർമന്നിലെപ്പൊടി പുരണ്ടു പരുത്തു ചെമ്പി-
ച്ചാമട്ടിലും നയനമോഹനമായിരുന്നു!

(38)

ക്രൂരാന്ന മന്ത്രിയുടെ മൌനമയാനുവാദാൽ,
കാറായ്പ്പൊരും കുഴലിയാൾ നടകൊണ്ടു താനേ,
പാറാവുകാർ സപദി സംഭ്രമകമ്പമേന്തും
മാറായ്ത്തുറന്നൊരു തുറുങ്കിനകത്തു പുക്കാൾ.

Digitized By Kerala Sahitya Akademi

(39)

ഹാ! മൺകുടത്തിലെരിയുന്ന മണിപ്രദീപം,
ഭീമശ്മശാനഭുവി നട്ട രസാലപോതം,
ധൂമത്തിൽ വെച്ച മലർ,കുപ്പയിലിട്ട സാള-
ഗ്രാമം, ഗ്രഹപ്പിഴയിൽ മങ്ങിയെഴുന്ന ഭാഗ്യം,

(40)

പങ്കത്തിലാണ്ട ചെറുദന്തി, മൃഷാപവാദ-
ത്തിങ്കൽപ്പതിച്ച സുയശസ്സിവയെന്നപോലേ,
വൻകല്ലറയ്ക്കകമിരുന്നിടുമാ യുവാവീ
മങ്കക്കൊടിയ്ക്കഥ പുരോഭുവി കാണമാറായ്!

(യുഗ്മകം)

(41)

കാരാഗൃഹത്തിലിരുളിൽ,പ്പുതുകൊണ്ടൽ മൂടും
താരാധിനായകനെ മുഗ്ദ്ധചകോരി പോലേ,
പേരാളിടും ദയിതനെബ്ഭത! കണ്ടു താപ-
ഭാരാൽ കുമാരി കൊടുതായൊരവസ്ഥ തേടീ.

(42)

വണ്ടാറണിക്കുഴലഴിഞ്ഞു പുറത്തു ചിന്നി-
ക്കൊണ്ടാത്മവല്ലഭ വരും വരവന്നകാണ്ഡേ,
കുണ്ടാന്ന കല്ലറയിലെച്ചെറുതാം വെളിച്ചം-
കൊണ്ടാ യുവാവലഘുനെഞ്ചിടിപൂണ്ടു കണ്ടു.

(43)

കാരാഗൃഹസ്ഥനതിഥിയ്ക്കെതിരേല്പിനായി-
ട്ടൂരാത്തസംഭ്രമമെണീയ്ക്കുവതിന്നു മുന്നേ,
ആരാലണഞ്ഞവളഴിക്കു പതിഞ്ഞ മഞ്ഞ-
'വീരാളി'ചേർന്ന രമണാങ്കതലത്തിൽ വീണാൾ.

---

39. രസാലപോതം=തേന്മാവിൻതൈ.



Digitized By Kerala Sahitya Akademi

(44)

ആ ലോകസുന്ദരിയെ വെക്കമെടുത്തു വേണ്ടും
പോലോമനിച്ചുരസി ചേർത്തു പുണൎന്നു, കാന്തൻ,
ചേലോട്ടു കുന്തൽ ചിതറും കവിളത്തു ചുംബി-
ച്ചാലോലബാഷ്പഝരി കൈത്തളിരാൽത്തുടച്ചാൻ.

(45)

ഘോരായുധവ്രണിതകാന്തകളേബരം കൈ-
ത്താരാൽക്കനിഞ്ഞഹഹ! തൊട്ടു തലോടിടുമ്പോൾ,
ശ്രീരാജകന്യകൾ കൊതിച്ചുവരുന്ന വീര-
ദാരാസ്പദത്തിലുമുഷസ്സു വിരക്തി തോന്നീ!

(46)

ദാരങ്ങൾതൻ പരമദീനത കാൺകയാലാ-
ധീരന്നഭൂതചരധൈര്യലയം പിണഞ്ഞു;
പാരം പതച്ചു കരൾ; മേനി വിയർത്തു; നാസാ-
ദ്വാരം വിടൎന്നു; മിഴിയിൽച്ചുടുനീരുയൎന്നു.

(47)

സ്വൈരം സഗദ്ഗദമുരച്ചു കുമാരനെ:—“നീ-
യാരംഭേ? —മാൽഗ്ഗുരുജനാജ്ഞ ഗണിച്ചിടാതേ,
സ്ത്രീരത്നമേ, ഭവതി ബന്ധനമേററ കുററ-
ക്കാരന്റെ സന്നിധിയിലെങ്ങിനെ വന്നുചേൎന്നു?

(48)

“ആഗസ്വിയായ്, സുതനു, സമ്പ്രതി ഞാൻ: നിനക്കീ-
സ്സൌഗന്ധികപ്രസവസൌഭഗമാം പദത്താൽ,
ദുൎഗ്ഗേഹമിതിലെച്ചരലിൽച്ചവിട്ടാൻ
യോഗം വരുത്തിയതു മാമകദോഷമല്ലോ!

---

48. ആഗസ്വി = അപരാധി.

Digitized By Kerala Sahitya Akademi

49

“പ്രേമത്തോടും പരിണയിച്ചു വധൂടിയെത്തൻ-
ധാമം നയിച്ചു, പചരിപ്പു ദരിദ്രർ പോലും;
ഈ മന്ദഭാഗ്യനെ വരിച്ചതുമൂല, മെന്നാ-
രോമല്ക്കു, ബന്ധഗൃഹമായിതു ബന്ധുഗേഹം!

(50)

“ദേവാരിവീരഭടശസ്ത്രശതങ്ങളേററ
നോവാകെയിപ്പൊഴതിലാണറിയുന്നതീ ഞാൻ:
മാൽ വായ്ച്ചുഴന്നു, കൃപണാകൃതി പൂണ്ടു വാസു-
ദേവാത്മജസ്നുഷ തുറുങ്കിലണഞ്ഞുവല്ലോ!!

(51)

“വൈവശ്യമുള്ളിലിയലായ്ക, ശുഭേ, നിരുദ്ധ-
നായ്വന്നിതിപ്പൊഴനിരുദ്ധനു, മെന്നതിങ്കൽ:
ദൈവം മറിച്ചു കരുതീടിലരക്ഷണത്താൽ
ദേവൻ വെറുംപുഴു! മഹാബ്ധി മരുപ്രദേശം!

(52)

“എന്നാലയേ ഭുവനസാധ്വി, തവാനുരാഗ-
മെന്നായുധം, മഹിതമെൻവശമുള്ള കാലം,
ഒന്നായ്ജ്ജഗത്തിലെ വിപത്തുകളൊക്കെ നേർത്തു
വന്നാലു, മില്ലിവനു ഭങ്ഗഭയം തരിമ്പും!!

(53)

“ഏതാകിലും, ദയവു ചെയ്തു തിരിച്ചുപോകാൻ
നീ താമസിക്കരുത!-പേക്ഷ, യിതൊന്നു താൻ മേ:
താതാവമാനകരമാകിയ കൃത്യമെങ്ങു?
വീതാഘമാം കുലവധൂജനമെങ്ങു? ഭദ്രേ.”

---

50. വാസുദേവാത്മജസ്നുഷ= പ്രദ്യുമ്നന്റെ പുത്രഭാര്യ.

Digitized By Kerala Sahitya Akademi

(54)

ഇക്കല്യഭത്തൃമൊഴി കേട്ടെ,ഴന്നേററു നിന്നു
നല്ലംഞ്ജുമൊട്ടിനെതിരാം തൊഴുകയ്യുമായി,
ഉല്ലംബമാന്ന കരളാവതു പോലുറപ്പി-
ച്ചക്കമ്രഭാഷിണി കനിഞ്ഞറിയിച്ചിതേവം:-

(55)

"ചൊററല്ല, ഭർത്തൃശയിലാക്കിയതെ,ൻപ്രഭോ! കേ-
ടററങ്ങയെച്ചപലയാമിവളെ;—ങ്കിലും, മേ
തെററത്രയും സദയമിങ്ങു പൊറുത്തു, തൃക്കാ-
ലററത്തെനിക്കുനുവദിക്കുക നിത്യദാസ്യം!

(56)

"ജീവാധിനായക, ഭവാൻ പ്രണിതാത്തുരാങ്ഗ;-
നാവാസമോ, മലിനബന്ധഗൃഹാന്തരത്തിൽ;
ഈ വാസ്തവസ്ഥിതി മറന്നി,വിടത്തെ വിട്ടു
പോവാൻ കഥിക്കരുതു ദാസിയൊടെൻ,ദയാലോ!

(57)

"മല്ലാളനൈകവര! മററെവിടെഗ്ഗമിച്ചാൽ
തെല്ലാശപാസിപ്പതിനെനിക്കുള്ളതാകുമിപ്പോൾ?
വല്ലാത്തിരുട്ടറയിതെത്ര സുഖാഢ്യ,മങ്ങു-
ന്നില്ലാത്ത മാമകമഹാമണിമേടയെക്കാൾ!!

(58)

"പോകട്ടെ,യച്ഛനരിശപ്പെടുമെന്ന കാര്യം!
സ്ത്രീകൾക്ക ഭത്തൃസഹചര്യ വെടിഞ്ഞിടാമോ?
ഹ!കഷ്ടമെൻദുരിത!—മെന്നെ വെറുത്തുവല്ലോ
ലോകത്തിലെൻപരമദൈവതമാം ഭവാനും!!"

Digitized By Kerala Sahitya Akademi

(59)

വീങ്ങിത്തുടുത്ത മിഴി രണ്ടിലുമശ്രു ചിന്നി-
ത്തേങ്ങിക്കരഞ്ഞിതവളിത്രയുമോതി വീണ്ടും;
തൂങ്ങിക്കിടക്കുമളകങ്ങളുമായ്, തുലോം മാൽ
താങ്ങിത്തളർന്ന പടി താന്നു തദാനനാബ്ജം.

(60)

ആരോമലിൻ തൊഴുത കയ്യു പിടിച്ചു ചുംബി-
ച്ചോ,രോ വികാരഗതിയാലുഴലും കുമാരൻ
താരോട്ടുമാത്തനു നിജോരസി ചേർത്തു നിന്നി-
ഗ്ഗീരോതിനാൻ പ്രണയവിക്ലബമാം സ്വരത്തിൽ:—

(61)

"പ്രാണാധിഭർത്രി! കരയായ്ക്ക;—രിമുക്തനാനാ-
ബാണാളി താങ്ങുവതിനീയൊരു നെഞ്ചു പോരും;
ബാണാത്മജാനയനനീരൊരു തുള്ളി പോലും
വീണാൽസ്സഹിപ്പതനിരുദ്ധനസാദ്ധ്യമത്രേ!!

(62)

"ആപത്തു, ഭാവിയിലിരിക്കുവതായ ഭാഗ്യ-
ദീപത്തിനുള്ള നിഴലാണു;—ഴലായ്ക്കിതിങ്കൽ!
നീ, പക്ഷ്മളാക്ഷി, നിജസത്മനി ചെന്നു വാഴ്ക
താപത്തിനിത്തളിരുമെയ്യിരയാക്കിടാതേ.

(63)

"ഉല്ലാസദാഹവിനോദവശാൽ കുറച്ചൊ-
ന്നില്ലായ്കയില്ല മമ മെയ്യിനു വാട്ടമിപ്പോൾ;
അല്ലാത,പായകരപീഡകളൊന്നുമേറ്റി-
ട്ടില്ലാ;- കയാൽ വെറുതെയാണിഹ സംഭ്രമം തേ.

Digitized By Kerala Sahitya Akademi

(64.)

"നില്ലാതെ പോരിലുഴലും തവ താതനെന്നെ
വെല്ലാൻ ചതിപ്പണിതുടങ്ങിയതെൻെറ ഭാഗ്യം!
അല്ലാഞ്ഞിലു, ഗ്രഹിതദുഃഖമിവൻനിമിത്തം,
ഫുല്ലാംബുജാക്ഷി, തവ നേരിട്ടമായിരുന്നു!!

(65.)

"ക്ഷേമം കെടുത്തിടുമമങ്ഗളമാം പുഴക്കൂ-
ത്താമങ്ങളങ്ങ്ഗി, ചെറുതും പിന്നയാതെ തന്നേ,
നാമന്തരങ്ഗളവി നട്ടു വളത്തിടുന്നീ
പ്രേമദ്രുമം സഫലമായ് വിലസും ക്രമത്താൽ!

(66.)

"ആരോമലേ, ഝടിതി കൈവിടുകിസ്ഥലത്തെ;-
ക്കാരോപവേശമബലാജനവജ്ജ്യമല്ലീ?
നേരോതിടാം; ഭവതിയിസ്ഥിതിയിൽക്കഴിക്കു—
മോരോ നിമേഷവുമടിസ്ഥടി ദുസ്സഹം മേ!"

(67.)

സന്നാങ്ഗിയാളഥ സശങ്കമെടുത്തു കാട്ടീ
തന്നാശയം:—"തവ നിദേശമിവണ്ണമെങ്കിൽ,
എന്നാത്മനാഥ! ദയ ചെയ്തധുനാ ഭവാൻെറ
പിന്നാലെയാക്കുക മമ പ്രതിസംപ്രയാണം!

(68.)

"നേരായ് ക്ഷമിക്ക, മകൾതൻ പിഴയാലമഷ-
ഭാരാന്ധനായ ഗുരുവിൻ വിപരീതകൃത്യം!
ചേരാത്ത ദിക്കിലർശം ചിരവത്തിയാമോ?
ധീരാഗ്ര്യനങ്ങിഹ മരുത്തരുളാത്തവേണം!!"

Digitized By Kerala Sahitya Akademi

(69)

ഏവം കുമാരിയൊരുമട്ടറിയിച്ചു, യൊട്ടു
ഭാവം പകൎന്നു, യദുനന്ദനനുച്ചരിച്ചാൻ:—
"ഹാ! വൻഭയാൽ തടവിൽനിന്നുമൊളിച്ചു ചാടാൻ,
ഭാവൽക്കകാന്തനൊരു തസ്കരനോ? സുശീലേ!

(70.)

"സ്മാരാനുതാപശരിമാവിനു കീഴടങ്ങി,—
ധീരാങ്ഗനാനില വിടാസ്സു, യദുസ്നുഷേ! നീ;
കാരാഗൃഹാലിവനെ വീരൊട്ടു വീണ്ടെടുപ്പാൻ
പാരാതെയെത്തുമിഹ നിൻപുത്രബാന്ധവന്മാർ!

(71.)

"ആ മാന്യർ, തക്കപടി, നിൻപ്രിയതാതനാത്മ-
ജാമാതൃപൂരുഷകലാനത ബോദ്ധ്യമാക്കി,
പ്രേമാർഹയാം ഭവതിയെ, ജ്ജയലക്ഷ്മിയെപ്പോ-
ലാ മാധവീയപുരിയിങ്കലണച്ചുകൊള്ളും!!

(72)

"കാന്താങ്ഗി, നമ്മളിൽ മുറസ്സുനുരാഗവിത്തു
താൻ താൻ വിതച്ചതു വൃഥാ കളയില്ല ദൈവം!
സ്വാന്താൎത്തി വിട്ടു തിരിയ്ക നടകൊൾക വേഗം:
നാം താതശാസന വിലംഘികളായ്വരൊല്ലാ."

(73)

നിലവറയുമിതേറെറാത്തുന്നതുണ്ടെന്നു തോന്നും
നിലയില, വിടെ മന്ദം മാറെറാലിച്ചാൎത്തിണക്കി,
പലതിതുവിധമോതിക്കൊണ്ടു, പാരം പണിപ്പെ-
ട്ടുലസനയനയാളെക്കാമുകൻ യാത്രയാക്കി.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi